# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

## കെ.എസ്.ടി.എ

### സംസ്ഥാന കമ്മിറ്റി, തിരുവനന്തപുരം

---

## കേരളാബഡ്ജറ്റ്-വിദ്യാഭ്യാസ മേഖലയ്ക്ക് ചരിത്രനേട്ടം

♦ 2017-18 ലെ ബഡ്ജറ്റ് വിദ്യാഭ്യാസ മേഖലയ്ക്ക് വൻതോതിലുള്ള വിഹിതം നീക്കിവെച്ചിരിക്കുന്നു.

♦ പ്രഖ്യാപിച്ച 4 മിഷനുകൾക്കും വമ്പിച്ച ബഡ്ജറ്റ് വിഹിതം.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം-**

♦ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം സ്വാശ്രയവത്ക്കരണമല്ല ജനപങ്കാളിത്തത്തോടെയുള്ള ഭൗതികവും അക്കാദമികവുമായ വികസനമാണെന്ന് ബഡ്ജറ്റ് പ്രഖ്യാപിക്കുന്നു.

♦ അധ്യയന ഉപകരണങ്ങളിലും ഭൗതിക സൗകര്യങ്ങളിലും വൻ കുതിച്ചുചാട്ടം.

♦ 45000 ഹൈടെക്ക് ക്ലാസ് മുറികൾക്ക് 500 കോടി. ഇത് 2018 ൽ തന്നെ പൂർത്തിയാക്കും.

♦ ലബോറട്ടറി, ക്ലാസ് റൂം, ഇക്കോപാർക്കുകൾ, വ്യായാമസൗകര്യം എന്നീ മേഖലകളിൽ വൻ മുന്നേറ്റം ഉണ്ടാക്കും.

♦ ഓരോ സ്കൂളിനും തനതായി സ്കൂൾ മാസ്റ്റർ പ്ലാൻ.

♦ മണ്ഡലത്തിൽ ഒന്നു വീതം മികവിന്റെ കേന്ദ്രങ്ങൾ-1000 കോടി - ഒരു സ്കൂളിന് പരമാവധി 5 കോടി.

♦ 200 വർഷം പിന്നിട്ട 3 എയ്ഡഡ് സ്കൂൾ അടക്കം 7 പൈതൃക വിദ്യാലയങ്ങൾക്ക് പ്രത്യേക ധനസഹായം.

♦ പ്രൈമറി വിദ്യാലയങ്ങളുടെ പശ്ചാത്തല വികസനത്തിന് വിദ്യാഭ്യാസവകുപ്പിന്റെ ബഡ്ജറ്റിൽ നിന്ന് 216 കോടി.

♦ 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്കും അതില്ലാത്ത മണ്ഡലങ്ങളിൽ 500 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്കും ഭൗതികസൗകര്യം മെച്ചപ്പെടുത്താൻ 500 കോടി (പരമാവധി ഒരു സ്കൂളിന് 3 കോടി).

♦ ചരിത്രത്തിൽ ആദ്യമായി എയ്ഡഡ് സ്കൂളിന് സർക്കാർ ഫണ്ട് നൽകുന്നു. മാനേജ്മെന്റ് മുടക്കുന്ന തുകയ്ക്ക് തുല്യമായ തുക ഗവൺമെന്റ് നൽകും. ഇതിനായി 50 കോടി നീക്കിവച്ചു.

♦ ഹയർസെക്കന്ററി മേഖലയിൽ 2500 പുതിയ തസ്തികകൾക്ക് അംഗീകാരം.

♦ ഐ ടി അറ്റ് സ്കൂളിന് 32 കോടി.

♦ ASAP ന് 430 കോടി - എല്ലാ ജില്ലകളിലും നൈപുണികേന്ദ്രങ്ങൾ

♦ ചരിത്രത്തിലാദ്യമായി സ്കൂൾ കലോത്സവം, വിദ്യാരംഗം, ഭിന്നശേഷിക്കാരെ സഹായിക്കൽ എന്നിവയ്ക്കായി - 52 കോടി.

♦ പോളിടെക്നിക്കിന് 29 കോടി.

♦ ഉച്ചഭക്ഷണത്തിന് കേന്ദ്രവിഹിതം ഉൾപ്പടെ 640 കോടി.

♦ ആർ എം എസ് എ അടങ്കൽ 265 കോടി.

♦ എസ് എസ് എ യ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പടെ 864 കോടി.

- ടെക്നിക്കൽ ഹൈസ്കൂളിന് 10.5 കോടി.
- സാക്ഷരതാമിഷന് 15.5 കോടി.
- പാചകതൊഴിലാളി പ്രീപ്രൈമറി ഓണറേറിയം 500 രൂപ വർദ്ധിപ്പിച്ചു.
- ലൈബ്രറി കൗൺസിലിന് 10 കോടി.
- സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം 15.5 കോടി.
- ഐ എച്ച് ആർ ഡി 18 കോടി.
- 14 ജില്ലകളിലും ഇൻഡോർ സ്റ്റേഡിയം, 25 ചെറുകിട സ്റ്റേഡിയം.
- സ്കൂളുമായി ബന്ധിപ്പിച്ച് 1000 കലാകാരൻമാർക്ക് ഫെല്ലോഷിപ്പ്.
- 2000 പഞ്ചായത്തുകളിൽ ഭിന്നബുദ്ധിശേഷിയുള്ള കുട്ടികൾക്കായി (2017 – 18 ൽ) ബഡ്സ് സ്കൂളുകൾ – 25 ലക്ഷം ധനസഹായം – ഉപകരണങ്ങൾക്ക് 40 കോടി.
- ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ പുതിയ സ്കൂൾ അനുവദിച്ചു.
- പട്ടികജാതി പെൺകുട്ടികൾക്ക് സാമൂഹ്യസുരക്ഷാപദ്ധതി – 'വാത്സല്യനിധി' ആരംഭിക്കും

**മറ്റു 3 മിഷനുകൾക്കും ബഡ്ജറ്റിൽ വൻ നീക്കി വെപ്പ്**

- ഹരിതകേരളമിഷൻ(കൃഷി, ജലം, ശുചിത്വം) -ശുചിത്വകാമ്പെയ്നിന് 127 കോടി – മണ്ണു സംരക്ഷണം 102 കോടി – ജലസേചനം 208 കോടി – ജൈവ കൃഷി 600 കോടി – ആധുനിക അറവുശാലകൾ 100 കോടി – ജില്ലകളിൽ മാലിന്യം ശേഖരിക്കാൻ സെപ്റ്റേജുകൾ 150 കോടി.
- ആർദ്രം മിഷൻ (ആരോഗ്യമേഖല) – 170 പ്രാഥമികആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കും. 170 ഡോക്ടർമാരുടേയും 340 സ്റ്റാഫ് നഴ്സുമാരുടേയും പുതിയ തസ്തികകൾ – ജില്ലാ താലൂക്ക് ആശുപത്രികളിൽ 1309 ഡോക്ടർമാരുൾപ്പടെ 2919 തസ്തികകൾ – മെഡിക്കൽ കോളേജുകൾ ഉൾപ്പടെ 6000 ത്തോളം തസ്തികകൾ – ജീവിതശൈലി രോഗങ്ങൾക്ക് സൗജന്യ ചികിത്സ – 2000 ജില്ല-താലൂക്ക് ആശുപത്രികളെ നവീകരിക്കും.
- ലൈഫ് മിഷൻ(പാർപ്പിടം) – എല്ലാവർക്കും വീട് 16000 കോടി നീക്കിവയ്ക്കും 2017ൽ മാത്രം 1 ലക്ഷം പേർക്ക് വീട്.

വിദ്യാഭ്യാസ മേഖലയ്ക്ക്, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് ഏറ്റവും ശക്തമായ പിന്തുണ നൽകുന്ന ചരിത്രത്തിലെ ഏറ്റവും മികച്ച ബഡ്ജറ്റാണ് 03.03.2017 ന് ബഹു. ധനകാര്യവകുപ്പു മന്ത്രി ഡോ. ടി എം തോമസ് ഐസക് അവതരിപ്പിച്ചത്. കേരളസർക്കാരിനും ധനകാര്യമന്ത്രിക്കും കെ എസ് ടി എ യുടെ അഭിവാദ്യങ്ങൾ.

തിരുവനന്തപുരം
03.03.2017

**കെ.സി.ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി